സംസ്ഥാനത്തെ വിവിധ ഭവന പദ്ധതികൾ

269 (609) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന്റെ വിവിധ ഭവന പദ്ധതികളായ ' സാഫല്യം ' 'ഗൃഹശ്രീ' 'സങ്കേതം' പഞ്ചായത്തുകളുമായി ചേർന്നുള്ള 'കാരുണ്യ' എന്നിവ പ്രകാരം സംസ്ഥാനത്ത് എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെന്നും എത്ര ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും, എത്ര ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻ മുന്നൊരുക്കങ്ങൾ പൂർത്തിയായി എന്നുമുള്ള വിവരം അറിയിക്കുമോ ?

<u>ഉത്തരം</u>

<u>സാഫല്യം ഭവന പദ്ധതി:</u>

സാഫല്യം ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലൂടെ 240 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. 2-ാം ഘട്ടത്തിലൂടെ 114 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. 72 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ പരിശോധിച്ചു വരുന്നു.

<u>ഗൃഹശ്രീ ഭവന പദ്ധതി:</u>

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 വീടുകൾക്കുള്ള സബ്സിഡിയായി 10.50 കോടിരൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി സബ്സിഡി ഇക ഉപയോഗിച്ച് നാളിതുവരെ 168 വീടുകളുടെ പൂർത്തീകരണത്തിനായി ഇക അനുവദിച്ചിട്ടുണ്ട് ബാക്കിയുള്ള 357 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 14.19 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഇക ഉപയോഗപ്പെടുത്തി ഭവന രഹിതരായ 709 പേർക്ക് ആനുകൂല്യം അനുവദിയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സങ്കേതം ഭവന പദ്ധതി:

സങ്കേതം ഭവന പദ്ധതിയുടെ സാമ്പത്തിക ഘടനയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്തുകളിൽ നിന്നും അനുയോജ്യമായ ഭൂമി ലഭിച്ചിട്ടില്ല.

കാരുണ്യ ഭവന പദ്ധതി

കാരുണ്യ ഭവന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളുമായി പ്രാഥമിക ചർച്ചകൾ ഭവനനിർമ്മാണ ബോർഡ് നടത്തി.

സർക്കാർ ഉദ്യോഗസ്ഥരുടെ ഭവന വായ്പ

270 (610) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നൽകുന്നതിനും സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ബി) എസ്. ബി. ഐ. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന ബാങ്കുകൾ പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നൽകുന്നതിൽ വിമുഖത കാണിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകണമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്തു കൊണ്ട് സ.ഉ(പി) നമ്പർ 436/91/ധന തീയതി, 31-7-1991, സ.ഉ(പി)നമ്പർ 76/2008/ധന തീയതി, 11-2-2008, സ.ഉ(പി)നം.87/2013/ധന തീയതി, 18-2-2013 എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭ.നി.വായ്പയും അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ) വരെയുള്ള തുക അധിക വായ്പയായി എടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly